**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 179** **11-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ട്രഷറിയിലേക്ക് മാറ്റുന്നത് അധികാര വികേന്ദ്രീകരണത്തെ ഇല്ലാതാക്കാനുള്ള നടപടികളുടെ ഭാഗമാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ വകുപ്പ് 212 (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണെന്നും, (6)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തനതായ വരുമാനം ഉൾപ്പെടെ ഗ്രാമപഞ്ചായത്തിലേയ്ക്ക് വരവ് വച്ചിട്ടുള്ള തുകകൾ സർക്കാർ ട്രഷറിയിൽ പൊതു നിക്ഷേപ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. തുടർന്ന്, 1996 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം (3) പ്രകാരം പഞ്ചായത്ത് കൈപ്പറ്റുന്ന എല്ലാ പണവും ഗവ. ട്രഷറിയിലോ, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്കിലോ, സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ സൂക്ഷിക്കേണ്ടതാണ് എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിൻപ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിന്റെ നിയമപരമായ സാധുത പരിശോധിച്ച് വരികയാണ്. പ്രാദേശിക സർക്കാരുകൾ സമാഹരിക്കുന്ന പണം പഞ്ചായത്ത് രാജ് നിയമങ്ങളും, ചട്ടങ്ങളും കൂടാതെ കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളും അനുശാസിക്കും പ്രകാരം വിനിയോഗത്തിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. |
| (ബി) | ധനവകുപ്പിന്റെ ഈ നിലപാട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണത്തെ ബാധിക്കും എന്ന് വകുപ്പ് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ വകുപ്പ് 212 (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണെന്നും, (6)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തനതായ വരുമാനം ഉൾപ്പെടെ ഗ്രാമപഞ്ചായത്തിലേയ്ക്ക് വരവ് വച്ചിട്ടുള്ള തുകകൾ സർക്കാർ ട്രഷറിയിൽ പൊതു നിക്ഷേപ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണെന്ന് |

| | | | |
|---|---|---|---|
| | | | വ്യക്തമാക്കിയിരുന്നു. തുടർന്ന്, 1996 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം (3) പ്രകാരം പഞ്ചായത്ത് കൈപ്പറ്റുന്ന എല്ലാ പണവും ഗവ. ട്രഷറിയിലോ, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്കിലോ, സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ സൂക്ഷിക്കേണ്ടതാണ് എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിൻപ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിന്റെ നിയമപരമായ സാധുത പരിശോധിച്ച് വരികയാണ്. പ്രാദേശിക സർക്കാരുകൾ സമാഹരിക്കുന്ന പണം പഞ്ചായത്ത് രാജ് നിയമങ്ങളും, ചട്ടങ്ങളും കൂടാതെ കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളും അനുശാസിക്കും പ്രകാരം വിനിയോഗത്തിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. |
| (സി) | പ്രാദേശിക സർക്കാരുകൾ സമാഹരിക്കുന്ന പണം അവർക്ക് സ്വതന്ത്ര വിനിയോഗത്തിന് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ വകുപ്പ് 212 (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണെന്നും, (6)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തനതായ വരുമാനം ഉൾപ്പെടെ ഗ്രാമപഞ്ചായത്തിലേയ്ക്ക് വരവ് വച്ചിട്ടുള്ള തുകകൾ സർക്കാർ ട്രഷറിയിൽ പൊതു നിക്ഷേപ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. തുടർന്ന്, 1996 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം (3) പ്രകാരം പഞ്ചായത്ത് കൈപ്പറ്റുന്ന എല്ലാ പണവും ഗവ. ട്രഷറിയിലോ, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്കിലോ, സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ സൂക്ഷിക്കേണ്ടതാണ് എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിൻപ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിന്റെ നിയമപരമായ സാധുത പരിശോധിച്ച് വരികയാണ്. പ്രാദേശിക സർക്കാരുകൾ സമാഹരിക്കുന്ന പണം പഞ്ചായത്ത് രാജ് നിയമങ്ങളും, ചട്ടങ്ങളും കൂടാതെ കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളും അനുശാസിക്കും പ്രകാരം വിനിയോഗത്തിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണക്കുറിപ്പ്</u>

1/04/2022 മുതൽ പ്രാബല്യത്തിൽ പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണെന്നും പ്രസ്തുത അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് വേയ്സ് & മീൻസ് നിയന്ത്രണങ്ങൾ ബാധകമായിരിക്കില്ല എന്നും ധനകാര്യ വകുപ്പ് 18/09/2021 തിയതിയിലെ സർക്കുലർ നം.80/2021/ധന സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ വകുപ്പ് 212(1)-ാം ഉപവകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണെന്നും, (6)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തനത് വരുമാനം ഉൾപ്പെടെ ഗ്രാമപഞ്ചായത്തിലേക്ക് വരവ് വെച്ചിട്ടുള്ള തുകകൾ സർക്കാർ ട്രഷറിയിൽ പൊതു നിക്ഷേപ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. തുടർന്ന് 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടം (3)പ്രകാരം പഞ്ചായത്ത് കൈപ്പറ്റുന്ന എല്ലാ പണവും ഗവ. ട്രഷറിയിലോ, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്കിലോ, സഹകരണ ബാങ്കിലോ, ദേശസാൽകൃത ബാങ്കിലോ സൂക്ഷിക്കേണ്ടതാണ് എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിൻപ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിന് നിയമപരമായ സാധുതയില്ല. നിയമപരമായ സാധുത വേണമെങ്കിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്.

മേൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും, സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ഗ്രാമ പഞ്ചായത്തുകൾ നിലവിൽ അവരുടെ പൊതു ആവശ്യ ഫണ്ട് ഒഴികെയുള്ള തനത് വരുമാനം ദേശസാൽകൃത ബാങ്കുകളിലോ, സഹകരണ ബാങ്കുകളിലോ നിക്ഷേപിച്ച് വരുന്നു. ടി നിക്ഷേപത്തിലൂടെ ഗ്രാമ പഞ്ചായത്തുകൾക്ക് പലിശയും ലഭിച്ച് വരുന്നുണ്ട്. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ട്രഷറി STSB അക്കൌണ്ട് പലിശരഹിത അക്കൗണ്ടാണോ അതോ പലിശ നൽകുന്ന STSB അക്കൗണ്ട് ആണോ എന്ന് സ്പഷ്ടീകരിച്ചിട്ടില്ലാ . പൊതു ആവശ്യ ഫണ്ട് നിക്ഷേപിക്കാൻ മാത്രമാണ് നിലവിൽ STSB അക്കൗണ്ട് ഉപയോഗിക്കുന്നത്. പ്രാദേശികസർക്കാരുകൾ സമാഹരിക്കുന്ന പണം കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായി ചെലവഴിക്കാവുന്നതാണ് .